എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. വെരിഫിക്കേഷന് ശേഷമുണ്ടായ മാറ്റങ്ങൾ കൂടി കണക്കിലെടുത്താൽ ഏകദേശം 60,000-ൽ പരം പട്ടയങ്ങൾ നൽകേണ്ടിവരും. കൃത്യമായ കണക്ക് ഇപ്പോൾ നടക്കുന്ന പരിശോധനയ്ക്ക് ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ.

ജില്ല	വിസ്തീർണ്ണം	കൈവശക്കാർ
കൊല്ലം	70 ഹെക്ടർ	364
പത്തനംതിട്ട	60 ഹെക്ടർ	330
ഇടുക്കി	25363.159	40566
എറണാകുളം	375 ഹെക്ടർ	929
തൃശ്ശൂർ	2720 ഹെക്ടർ	7415
	28588.159	**49.604**

(ജി) ഈ കാര്യം പരിശോധിച്ചുവരുന്നു.

(എച്ച്) കൈവശഭൂമിയിൽ നിലവിലുള്ള ചട്ടങ്ങളനുസരിച്ച് പട്ടയം നൽകാവുന്ന മുഴുവൻ കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഐ) ലാന്റ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ ബാക്കിയുള്ള കേസ്സുകളിൽ 5000 കേസ്സുകൾ ആറുമാസത്തിനകവും ബാക്കിയുള്ളതിൽ 25000 ത്തോളം കേസ്സുകൾ ഒരു വർഷത്തിനകവും ശ്രീപണ്ടാരവക, സർവ്വീസ് ഇനാം, ശ്രീപാദം, കാണകുടിയായ്മ എന്നീ ഇനങ്ങളിൽ 50000 കേസ്സുകൾ അടുത്ത ആറു മാസത്തിനകവും ബാക്കിയുള്ള 62,000 കേസ്സുകൾ അടുത്ത ഒരു വർഷത്തിനകവും ഹൈക്കോടതിയുടെ സ്റ്റേയിൽ ഉൾപ്പെട്ട 40,000 ഏക്കർ മിച്ചഭൂമിയിൽ ചുരുങ്ങിയത് 10,000 ഹെക്ടറെങ്കിലും സ്റ്റേ നീക്കിയശേഷം ഒരു വർഷത്തിനകവും, പതിവ് ലിസ്റ്റിൽപ്പെട്ട 50,000 ഏക്കർ റവന്യൂ ഭൂമി ഒരു വർഷത്തിനകവും പതിച്ച് പട്ടയം നൽകാനുള്ള തീരുമാനമെടുത്തു നടപ്പാക്കി വരുന്നു. ലക്ഷം വീട് പദ്ധതി, താണവരുമാനക്കാർക്ക് നാലുസെന്റ് വീട് വയ്ക്കാനായി നൽകിയ പദ്ധതി എന്നിവയിലുൾപ്പെട്ട എല്ലാവർക്കും 31-3-2000 ത്തിന് മുൻപ് പട്ടയം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

8 (*124) വ്യവസായം ആരംഭിക്കുന്നതിന് നിയന്ത്രണം

ശ്രീ. കെ. സുധാകരൻ :

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് പരിസ്ഥിതി നിബന്ധനകൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ :

(സി) ഈ നിയന്ത്രണങ്ങൾക്ക് വിധേയമായി വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി വരുന്ന പശ്ചാത്തലം സൃഷ്ടിക്കുവാൻ കേന്ദ്രഗവൺമെന്റ് ആവശ്യമായ സമയം നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുള്ളതും പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാനിടയുള്ളതായി 27-1-1994-ലെ എൻവയൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ ഷെഡ്യൂൾ ഒന്ന് പ്രകാരം കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്രപരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ആവശ്യമാണ്.

(സി) പശ്ചാത്തല സൗകര്യങ്ങളുടെ ഭാഗമായാണ് നാല് ഗ്രോത്ത് സെന്ററുകൾ അനുവദിക്കുകയും അതിന്റെ വിഹിതമായ 20 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ഇപ്പോൾ അവർ ആ പദ്ധതി നിർത്തലാക്കിയിരിക്കുകയാണ്.

9 (*125) തിരുവനന്തപുരം സിറ്റി മെട്രോ നഗരമാക്കാൻ നടപടി

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി ഒരു മെട്രോനഗരമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഭാഗമായി ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം സിറ്റിയിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇതിനെതിരെ ഏതെങ്കിലും സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം സിറ്റിയിൽ ലയിക്കാനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ലയനത്തെ അംഗീകരിച്ചുകൊണ്ട് പ്രമേയം പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ;

(ഇ) വികസിതമല്ലാത്ത ഗ്രാമപഞ്ചായത്തുകൾ സിറ്റി കോർപ്പറേഷനോട് ചേർക്കുന്നപക്ഷം നിലവിലുള്ള കോർപ്പറേഷൻ ഏരിയായിലും പുതുതായി ചേർക്കുന്ന ഏരിയായിലും വികസനപ്രവർത്തനം സംബന്ധിച്ച് സന്തുലിതാവസ്ഥ ഉണ്ടാവുമോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ബി) ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം നഗരസഭയിൽ ലയിപ്പിച്ച് 1-10-2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതിനെതിരെ പഞ്ചായത്ത് സംരക്ഷണ സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) 30-11-00 ലെ വിജ്ഞാപനപ്രകാരം തിരുവനന്തപുരം നഗരസഭയോട് ലയിപ്പിച്ചിട്ടുള്ള ഉള്ളൂർ, നേമം, ആറ്റിപ്ര, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ ലയനത്തിന് അനുകൂലമായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly